## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5657** **24/05/2017-ൽ മറുപടിയ്ക്ക്**

### പകർച്ചവ്യാധികൾ പടർന്നു പിടിയ്ക്കാതിരിക്കാൻ മുൻകരുതൽ


**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ**
**,, എ.എം. ആരിഫ്**
**,, കെ.ഡി. പ്രസേനൻ**
**,, ഐ.ബി. സതീഷ്**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)


എ) സംസ്ഥാനത്ത് ഡെങ്കിപ്പനി, എച്ച്1എൻ1, മലേറിയ മുതലായ രോഗങ്ങൾ പടർന്നു പിടിയ്ക്കാതിരിക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് എല്ലാ സർക്കാർ ആശുപത്രികൾക്കും ആരോഗ്യ-പ്രവർത്തകർക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടോ;

എ) നൽകിയിട്ടുണ്ട്.

ബി) പകർച്ചപ്പനികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാഥമികാ-രോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ ആശുപത്രികളിലും ചികിത്സാ സൗകര്യങ്ങൾ, മരുന്നുകൾ, പ്രതിരോധ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്ന-തെന്ന് വ്യക്തമാക്കാമോ?

ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം നടപ്പിലാക്കാൻ വേണ്ടിയുള്ള മെഡിക്കൽ മാർഗ്ഗരേഖകൾ ആരോഗ്യ വകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രി ജില്ലാ ആശുപത്രി മുതലായ ചികിത്സാ-കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യ-ങ്ങൾ, ഐ.സി സേവനങ്ങൾ, വെന്റിലേറ്റർ ലഭ്യത എന്നിവ ഉറപ്പാക്കാൻ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. 2016-17 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന-ത്തിനായി 302.9 ലക്ഷം രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ മരുന്നുകൾ ജില്ലകൾക്ക് ലഭ്യമാക്കുന്നതിനായി 62 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന-

➡

ങ്ങൾക്കായി 74 ലക്ഷം രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. പ്രാണിനശീകരണത്തിനുള്ള കീടനാശിനികൾ ജില്ലകൾക്ക് ലഭ്യമാക്കുന്നതിനായി 13.9 ലക്ഷം രൂപ കെ.എം.എസ്.സി.എൽ- ന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ